(ബി) — (ഡി) കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ ടൂറിസം കേന്ദ്രങ്ങളും റോഡുവഴി ബന്ധപ്പെട്ടാണ് കിടക്കുന്നത്. എന്നാൽ പല റോഡുകളുടെയും നിലവാരം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിന്റെ ഭാഗമായി ടൂറിസം വകുപ്പ് വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് പണി നടത്തിവരുന്ന റോഡുകളുടെ പേരുവിവരവും അവ പൂർത്തിയാക്കാമെന്ന് ഉദ്ദേശിക്കുന്ന സമയവും അനുബന്ധമായി കൊടുത്തിട്ടുണ്ട്.† കൂടാതെ നാറ്റ്പാക്ക് എന്ന സ്ഥാപനത്തിലൂടെ കേരളത്തിലെ ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനത്തിനായി ഒരു വിപുലമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കാൻ നടപടി

4 [3458] *ശ്രീ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ സമഗ്രമായ ഭേദഗതി വരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സൂപ്പർവൈസറി കേഡർ ഉൾപ്പെടെ ഉയർന്ന തസ്തികകളിലേക്കുള്ള പ്രമോഷന് ടൂറിസം, ഹോസ്പിറ്റാലിറ്റി, പബ്ലിക് റിലേഷൻസ്, മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ പ്രൊഫഷണൽ യോഗ്യത നേടിയവർക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ ഇതിനനുസൃതമായി സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമഗ്ര ഭേദഗതി വരുത്തുന്നതിനാവശ്യമായ കരട് സമർപ്പിക്കാൻ ടൂറിസം ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇങ്ങനെ ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ബാധകമല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly